ഭരണഭാഷ മാതൃഭാഷ -

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്മൂന്നാം നില ,
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 -

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. എ1-5944/2016/സിഇ/തസ്വഭവ (Vol. II)** **തീയതി . 07/03/2020**

# നോട്ടീസ്

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന : 1) ഈ ഓഫീസിലെ 05.12.2019 ലെ-ഇതേ നമ്പർ ഉത്തരവ്
2) 20.01.2020-ലെ കോട്ടയം ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ എബി2/1712/2017 നമ്പർ കത്ത്

ഈ വകുപ്പിലെ ക്ലർക്ക് തസ്തികയിൽ 01.07.2017 മുതൽ 31.12.2018 വരെയുള്ള കാലയളവിൽ നിയമനം ലഭ്യമായി സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാരുടെ അന്തിമ മുൻഗണനാപ്പട്ടിക മേൽ സൂചന (1) പ്രകാരം ക്രമീകരിച്ച് ഉത്തരവായിരുന്നു. തസ്വഭവ സബ്ഡിവിഷൻ ഈരാറ്റുപേട്ട ബ്ലോക്ക്പഞ്ചായത്തിൽ 21.04.2018 പൂർവാഹ്നത്തിൽ ക്ലർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. ജെയ്സി ജോസ്, പ്രസ്തുത മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി മേൽ സൂചന (2) പ്രകാരം ഉചിതമാർഗ്ഗേന അപേക്ഷ സമർപ്പിച്ചിരുന്നു.

ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാരിയെ സൂചന (1) ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിലെ സീനിയോരിറ്റി നമ്പർ 384 (ക്രമ നം. 41) ശ്രീമതി. സേതുലക്ഷ്മി എസ്-നും, സീനിയോരിറ്റി നമ്പർ 385 (ക്രമ നം. 42) ശ്രീമതി. ഷീബ പി.എസ്-നും മദ്ധ്യേ സീനിയോരിറ്റി നം. 384 A (ക്രമ നം. 41 A) ആയി ഉൾക്കൊള്ളിച്ചുകൊണ്ട് അന്തിമ മുൻഗണനാപ്പട്ടിക ക്രമപ്പെടുത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു.

മേൽ പ്രസ്താവിക്കപ്പെട്ട തരത്തിലുള്ള ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിലെ മാറ്റങ്ങളിൽ ആക്ഷേപങ്ങളോ പരാതികളോ ഉള്ളവർ ഈ നോട്ടീസ് പ്രസിദ്ധീകരണ തീയതി മുതൽ 7 **ദിവസത്തിനകം** ഈ കാര്യാലയത്തിൽ രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധി കഴിഞ്ഞും പരാതികൾ ലഭ്യമാകാത്തപക്ഷം മേൽ പ്രസ്താവിക്കപ്പെട്ട മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടിക ക്രമീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

പകർപ്പ് : 1) എല്ലാ നിയന്ത്രണാധികാരികൾക്കും (താങ്കൾ താങ്കളുടെ കീഴിലുള്ള ജീവനക്കാരെ അറിയിക്കേണ്ടതാണ്)
2) ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക വെബ് സൈറ്റ് മുഖേന
3) കരുതൽ ഫയൽ

P 223